കേരള സർക്കാർ

## കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്)
## കോഴിക്കോട്, കേരളം

# ദേശീയ സെമിനാർ

# ഇന്ത്യയിലെ പട്ടികവർഗ്ഗ വനിതകളുടെ സമകാലീന സാമൂഹ്യ–സാംസ്ക്കാരിക പശ്ചാത്തലം: വെല്ലുവിളികൾ, സാധ്യതകൾ

ബഹുമാന്യ സുഹൃത്തെ,

കേരളത്തിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള പട്ടികജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്) 2018 ഒക്ടോബർ 10, 11, 12 തീയ്യതികളിലായി ഒരു ത്രിദിന ദേശീയ സെമിനാർ ഇന്ത്യയിലെ പട്ടികവർഗ്ഗ വനിതകളുടെ സമകാലീന സാമൂഹ്യ-സാംസ്ക്കാരിക പശ്ചാത്തലം: വെല്ലുവിളികൾ, സാധ്യതകൾ എന്ന വിഷയത്തെ അധികരിച്ച് സംഘടിപ്പിക്കുന്നുണ്ട്. കോഴിക്കോട് ചേവായൂരുള്ള വകുപ്പിന്റെ ക്യാമ്പസിൽവെച്ചാണ് സെമിനാർ സംഘടിപ്പിക്കുന്നത്. പ്രസ്തുത സെമിനാറിൽ പങ്കെടുക്കുന്നതിനും പ്രബന്ധം അവതരിപ്പിക്കുന്നതിനുമായി താങ്കളെ സാദരം ക്ഷണിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. കെ. എസ്. പ്രദീപ് കുമാർ**
സെമിനാർ കൺവീനർ &
ഡെ. ഡയറക്ടർ (പരിശീലനം), കിർടാഡ്സ്

**ഡോ. പി പുകഴേന്തി ഐ.എഫ്.എസ്,**
സെമിനാർ ഡയറക്ടർ &
ഡയറക്ടർ, കിർടാഡ്സ്

## കിർടാഡ്സ് വകുപ്പ്

കേരള സംസ്ഥാനത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ, പരിശീലന, വികസന പഠന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന കേരള സർക്കാറിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള വകുപ്പാണ് 'കിർടാഡ്സ്'. ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിങ്ങ് സെന്റർ' എന്ന പേരിൽ കേന്ദ്രസർക്കാറിന്റെ സഹായത്തോടുകൂടി 1970 ഏപ്രിൽ മാസത്തിൽ അന്നത്തെ ഗിരിജനക്ഷേമ വകുപ്പിന്റെ ഭാഗമായിട്ടാണ് ഈ വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്. 1979 ഒക്ടോബർ 23-ാം തീയ്യതി മുതൽ കിർടാഡ്സ് എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതോടുകൂടി ഈ വകുപ്പിന്റെ പ്രവർത്തന മേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേയ്ക്ക് കൂടി വ്യാപിച്ചു. പ്രശസ്ത നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷൽ ആഫീസർ എന്ന നിലയിൽ ഈ വകുപ്പിന്റെ (1970) തുടക്കം മുതൽ 1973 വരെ നേതൃത്വം വഹിച്ചിരുന്നത്.

ഈ വകുപ്പ് കേരളസർക്കാറിന്റെ സെക്രട്ടറിയേറ്റിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെക്കുറിച്ചും, അവരുടെ ഉന്നമനത്തിനായി സർക്കാരും മറ്റ് ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും അടിസ്ഥാനപരമായ ഗവേഷണപഠനങ്ങൾ നടത്തുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, വിവിധ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം ഈ വിഭാഗക്കാർക്ക് എത്രമാത്രം ലഭ്യമായി എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തുക, അനർഹ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് സംവരണാദി ആനുകൂല്യങ്ങൾ അന്യസമുദായക്കാർ തട്ടിയെടുക്കുന്നത് തടയുന്നതിനുള്ള പൊതുവായ അന്വേഷണ റിപ്പോർട്ടുകൾ തയ്യാ

റാക്കുക, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃക സംരക്ഷണം എന്നിവയാണ് വകുപ്പിന്റെ മുഖ്യചുമതല കൾ.

## സെമിനാർ വിഷയം

ഇന്ത്യയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെ സാമൂഹ്യ-സാംസ്ക്കാരിക സാഹചര്യങ്ങളും ജീവിതവും കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കുടുംബത്തിലും സമൂഹത്തിലുമുള്ള സ്ത്രീകളുടെ പദവിയിലും മാറ്റം സംഭവിച്ചു. പലപ്പോഴും കുടുംബത്തിലെ പുരുഷന്മാരുടെ ഉത്തരവാദിത്വമില്ലായ്മ മൂലം സ്ത്രീകൾ കുടുംബം പോറ്റുന്നതിനായി കഠിനാധ്വാനം ചെയ്യേണ്ടതായിട്ടുണ്ട്. സ്വന്തം കുടുംബത്തിൽനിന്നും തൊഴിലിടങ്ങളിൽ നിന്നും ഗോത്ര വനിതകൾ പലവിധ ചൂഷണങ്ങൾക്കും പീഢനങ്ങൾക്കും ഇരയാകാറുണ്ട്. ഗോത്ര സമൂഹങ്ങളിൽ പരമ്പരാഗതമായി നിലനിൽക്കുന്ന, നിലവിലെ സാമൂഹിക സംവിധാനവുമായി പൊരുത്തപ്പെടാത്ത, പല സാംസ്ക്കാരിക ചിട്ടവട്ടങ്ങളുടെയും ദൂഷ്യഫലങ്ങളനുഭവിക്കുന്നതിൽ ഏറിയ പങ്കും വനിതകളാണ്. പാരമ്പര്യത്തിലധിഷ്ഠിതമായ നിയമങ്ങളും സിവിൽ നിയമങ്ങളും തമ്മിലുള്ള ചേർച്ചക്കുറവും ഗോത്ര വനിതകൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരത്തിൽ, സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരമായ അസമത്വങ്ങളോടൊപ്പം ചരിത്രപരമായ കാരണങ്ങളാലും ഗോത്ര സ്ത്രീകൾ നേരിടുന്ന പലപ്രശ്നങ്ങളും പൊതുവേദിയിൽ ചർച്ച ചെയ്യപ്പെടാതെ പോകുകയാണ്. ഈയൊരു സാഹചര്യത്തിൽ, രാജ്യത്തെ പട്ടികവർഗ്ഗ വനിതകളുടെ സമകാലീന ജീവിത സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും ഗോത്ര സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ത്രിദിന ദേശീയ സെമിനാർ വകുപ്പ് സംഘടിപ്പിക്കുന്നത്.

ഗോത്രവനിതകളെക്കുറിച്ചുള്ള ദേശീയ സെമിനാർ ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസകതവും പ്രാധാന്യമർഹി

ക്കുന്നതുമാണ്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിലെ ഉയർന്ന വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും അഭാവം, സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ, പോഷകാഹാരത്തിന്റെ കുറവ്, അനാരോഗ്യം തുടങ്ങി നിരവധി കാരണങ്ങളാൽ ഗോത്ര സ്ത്രീകൾ ഇന്നും സമൂഹത്തിലെ പാർശ്വവൽകൃതരിലെ പാർശ്വവത്കൃതരായി നിലകൊള്ളുകയാണ്.

പട്ടിക വർഗ്ഗ വനിതകളുടെ സാമൂഹ്യ-സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ രാഷ്ട്രീയ സാഹചര്യങ്ങൾ, ഗോത്ര വനിതകൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ, ഗോത്ര വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമങ്ങളുടെ നടപ്പിലാക്കൽ, പട്ടിക വർഗ്ഗക്കാരായ പെൺകുട്ടികളുടെ ജീവിത സാഹചര്യങ്ങൾ, ഗോത്രവനിതകളുടെയും പെൺകുട്ടികളുടെയും ജീവിത ചുറ്റുപാടുകൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും സെമിനാർ ചർച്ച ചെയ്യുന്നത്. സെമിനാറിൽ നിന്നും ഉയർന്നുവരുന്ന നിർദ്ദേശങ്ങളെയും ലേഖനങ്ങളെയും അടിസ്ഥാനമാക്കി ഗോത്രവനിതകളുടെ സാമൂഹ്യ സാംസ്ക്കാരിക ഉന്നമനത്തിനായി ഒരു നയം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. സെമിനാറിൽ അവതരിപ്പിക്കുന്ന ലേഖനങ്ങളെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

## ഉപ വിഷയങ്ങൾ

- ഗോത്രവനിതകളും പരമ്പരാഗത ഗോത്ര ജീവിതവും
- ഗോത്ര വർഗ്ഗ പെൺകുട്ടികളും സമകാലീന സാമൂഹിക-സാംസ്ക്കാരിക ചുറ്റുപാടുകളും
- ഗോത്രവനിതകളുടെ ശാക്തീകരണം - സാമൂഹ്യ-സാമ്പത്തിക സാംസ്ക്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ മേഖലകളിൽ
- പാരിസ്ഥിതികവും ജീവനോപാധിപരവുമായ പ്രശ്നങ്ങളും ഗോത്ര വനിതകളും
- ഗോത്രവനിതകളുടെ സമകാലീന ആരോഗ്യ അവസ്ഥ

- അധികാര വികേന്ദ്രീകരണവും ഗോത്രവനിതകളും
- ഗോത്രവനിതകളും സാമൂഹ്യ സുരക്ഷാ-ക്ഷേമ പദ്ധതികളും
- ഗോത്രവനിതകൾ അഭിമുഖീകരിക്കുന്ന സാമൂഹ്യ ഒഴിവാക്കലുകളും വിവേചനങ്ങളും
- ലിംഗപരമായ സംവാദങ്ങളും ഗോത്രവനിതകളും
- ഗോത്ര വനിതകളും മാധ്യമങ്ങളും
- ഗോത്രവർഗ്ഗ വനിതകളും ഭരണഘടനാ പരിരക്ഷകളും
- ഗോത്രവർഗ്ഗ വനിതകൾക്കെതിരായ അതിക്രമങ്ങളും നിയമ പരിരക്ഷയും
- ഗോത്രവർഗ്ഗ വനിതകളുടെ സമകാലീന അവസ്ഥയും അവകാശങ്ങളും ശാക്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ

## പ്രബന്ധ സംഗ്രഹ സമർപ്പണം

31/08/2018 നോ മുൻപോ ആയി അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന പ്രബന്ധത്തിന്റെ 250 വാക്കിൽ കുറയാത്ത സംഗ്രഹം സെമിനാർ കൺവീനർക്കോ ഡയറക്ടർക്കോ 'kirtadstrg@gmail.com' എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## പൂർണ്ണ പ്രബന്ധത്തിന്റെ സമർപ്പണം

സംഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ അവതരണതിന് പ്രബന്ധം തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ തെരഞ്ഞെടുത്ത പ്രബന്ധത്തിന്റെ 10 പേജിൽ കൂടാത്ത പൂർണ്ണരൂപം 15/09/2018 നൊ അതിനു മുൻപോ സെമിനാർ കൺവീനർക്കോ ഡയറക്ടർക്കോ 'kirtadstrg@ gmail.com' എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. പ്രബന്ധ അവതാരകന്റെ തസ്തിക, ജോലിചെയ്യുന്ന സ്ഥാപനം, മേൽവിലാസം, മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നൽകുവാൻ ശ്രദ്ധിക്കണം. സെമിനാറിന്

മുൻപായി പൂർണ്ണ പ്രബന്ധങ്ങൾ ഉൾക്കൊള്ളിച്ചുള്ള 'പ്രോസീഡിങ്ങ്സ്' പ്രസിദ്ധീകരിക്കേണ്ടതുള്ളതിനാൽ വൈകി ലഭിക്കുന്ന പ്രബന്ധങ്ങൾ അവതരണത്തിന് സ്വീകരിക്കുന്നതല്ല എന്നറിയിക്കുന്നു.

## രജിസ്ട്രേഷൻ ഫോം സമർപ്പണം

പ്രബന്ധാവതാരകരായി തിരഞ്ഞെടുക്കുന്നവരും ക്ഷണിതാക്കളായി പങ്കെടുക്കുന്നവരും 15/09/2018 നകം പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം 'ഡയറക്ടർ, കിർടാഡ്സ്, ചേവായൂർ പോസ്റ്റ്, കോഴിക്കോട്-17' എന്ന വിലാസത്തിലോ 'kirtadstrg@ gmail.com' എന്ന ഇ-മെയിൽ വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്.

## യാത്രാ ചിലവും താമസ സൗകര്യവും

ഫണ്ടിന്റെ ലഭ്യതയും സർക്കാർ നിരക്കും അനുവദിക്കും പ്രകാരം പ്രബന്ധാവതാരകരുടെയും ക്ഷണിതാക്കളായി പങ്കെടുക്കുന്നവരുടെയും യാത്രാചിലവ് വകുപ്പ് പൂർണ്ണമായോ/ഭാഗികമായോ വഹിക്കുകയും താമസ സൗകര്യം ഒരുക്കുകയും ചെയ്യുന്നതാണ്.

## സെമിനാർ വേദിയിലേക്കുള്ള യാത്രാ മാർഗ്ഗം

വിമാന മാർഗ്ഗം: കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും ചേവായൂർ ഗോൾഫ് ലിങ്ക് റോഡിലെ കിർടാഡ്സ് ആസ്ഥാനത്തേക്ക് ടാക്സി വിളിക്കുക, (ദൂരം 25 കി.മി).

റെയിൽ മാർഗ്ഗം: കോഴിക്കോട് റെയിൽവെ സ്റ്റേഷനിൽ നിന്നും സിവിൽ, മലാപ്പറമ്പ് വഴിയുള്ള മെഡിക്കൽ കോളേജ് ബസിൽ വൃന്ദാവൻ കോളനി/കിർടാഡ്സ് സ്റ്റോപ്പിൽ ഇറങ്ങുക (ദൂരം ഏഴ് കി.മി). അല്ലെങ്കിൽ കോഴിക്കോട് റെയിൽവെ സ്റ്റേഷനിൽ നിന്നും പുതിയസ്റ്റാന്റ് വഴിയുള്ള മെഡിക്കൽ കോളേജ് ബസ്സിൽ ചേവായൂർ സ്റ്റോപ്പിൽ ഇറങ്ങുക. ശേഷം ഓട്ടോയിലോ അല്ലെങ്കിൽ സിവിൽ, മലാപ്പറമ്പ് വഴി ടൗണിലേക്കുള്ള ബസിലോ വൃന്ദാവൻ

കോളനി/കിർടാഡ്സ് സ്റ്റോപ്പിൽ ഇറങ്ങുക (ആകെ ദൂരം ഏഴ് കി.മി).

പുതിയസ്റ്റാന്റിൽ നിന്നും (പ്രൈവറ്റ് ബസ്സ്റ്റാന്റ്) : മെഡിക്കൽ കോളേജ് ബസിൽ ചേവായൂർ സ്റ്റോപ്പിൽ ഇറങ്ങുക. ശേഷം ഓട്ടോ പിടിക്കുയോ അല്ലെങ്കിൽ സിവിൽ, മലാപ്പറമ്പ് വഴി ടൗണി ലേക്കുള്ള ബസിൽ വൃന്ദാവൻ കോളനി/കിർടാഡ്സ് സ്റ്റോപ്പിൽ ഇറങ്ങുക ( ആകെ ദൂരം അഞ്ച് കി.മി).

കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽ നിന്നും : പുതിയസ്റ്റാന്റിൽ എത്തി മെഡിക്കൽ കോളേജ് ബസിൽ ചേവായൂർ സ്റ്റോപ്പിൽ ഇറ ങ്ങുക. ശേഷം ഓട്ടോയിലോ അല്ലെങ്കിൽ സിവിൽ, മലാപ്പറമ്പ് വഴി ടൗണിലേക്കുള്ള ബസിലോ വൃന്ദാവൻ കോളനി/കിർടാഡ്സ് സ്റ്റോപ്പിൽ ഇറങ്ങുക ( ആകെ ദൂരം അഞ്ചര കി.മി).

## പ്രധാന തീയ്യതികൾ

പ്രബന്ധ സംഗ്രഹ സമർപ്പണം : 31/08/2018 നോ മുൻപോ

പൂർണ്ണ പ്രബന്ധത്തിന്റെ സമർപ്പണം : 15/09/2018 നകം

രജിട്രേഷൻ ഫോം സമർപ്പണം : 15/09/2018 നകം

## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**ഡോ. കെ. എസ് പ്രദീപ് കുമാർ**
സെമിനാർ കൺവീനർ
ഇ-മെയിൽ വിലാസം: 'kirtadstrg@ gmail.com',
ഫോൺ: 9495146052

**ശ്രീമതി ദീപ എസ്, ശ്രീമതി നൈന വി., ശ്രീമതി രജനി ആർ.വി**
ജോ. കൺവീനേഴ്സ്
ഇ-മെയിൽ വിലാസം: 'kirtadstrg@ gmail.com'
ഫോൺ: 7510853363, 9495058548, 9446795956